# പതിമൂന്നാം കേരള നിയമസഭ
# ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 5215 — 02.07.2013-ൽ മറുപടിക്ക്

## പ്രാഥമിക സഹകരണ സംഘങ്ങൾവഴി കർഷകർക്ക് വായ്പ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം. ചന്ദ്രൻ : | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പുമന്ത്രി) |
| (എ) 2012 മാർച്ച് മുതൽ 2013 മാർച്ച് വരെ കേരളത്തിലെ പ്രാഥമിക സഹകരണ സംഘങ്ങൾ എത്ര കോടി രൂപയാണ് കർഷകർക്ക് വായ്പയായി നൽകിയിട്ടുള്ളത് ; | (എ) 2869.44 കോടി രൂപ. |
| (ബി) ആയതിൽ എത്ര കോടി രൂപയാണ് ഹ്രസ്വകാല വായ്പയായും, ദീർഘകാല വായ്പയായും നൽകിയിട്ടുള്ളത് ; വ്യക്തമാക്കമോ ; | (ബി) 2047.78 കോടിയുടെ ഹ്രസ്വകാല വായ്പയും, 252.63 കോടിയുടെ ദീർഘകാല വായ്പയും വിതരണം നടത്തിയിട്ടുണ്ട്. |
| (സി) ഹ്രസ്വകാല വായ്പകൾക്ക് എത്ര ശതമാനം പലിശയാണ് പ്രാഥമിക സഹകരണ സംഘങ്ങൾ ഈടാക്കുന്നത് ; | (സി) ഹ്രസ്വകാല കാർഷിക വായ്പകൾക്ക് 7% പലിശയാണ് ഈടാക്കുന്നത്. |
| (ഡി) സർക്കാർ ഇപ്പോൾ പലിശ സബ്സിഡി നൽകുന്നുണ്ടോ ; എങ്കിൽ ഹ്രസ്വകാല വായ്പയ്ക്കും, ദീർഘകാല വായ്പയ്ക്കും എത്ര ശതമാനം വീതമാണ് നൽകുന്നത് ; വ്യക്തമാക്കുമോ ? | (ഡി) സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ വഴി കാർഷികാവശ്യങ്ങൾക്കായി വിതരണം ചെയ്യുന്ന ഹ്രസ്വകാല വായ്പകൾ കുടിശ്ശിക വരുത്താതെ തിരിച്ചടയ്ക്കുന്നവർക്ക് കേന്ദ്ര സർക്കാർ നൽകുന്ന പരമാവധി 3% പലിശ |

സബ്സിഡിയോടൊപ്പം സംസ്ഥാന സർക്കാരിന്റെ പരമാവധി 5% സബ്സിഡി വിഹിതം കൂടി നൽകി പൂർണ്ണമായും പലിശ രഹിത വായ്പയായി നൽകുന്നു. നെൽ കൃഷിയ്ക്ക് പരിധി കണക്കിലെടുക്കാതെ സ്കെയിൽ ഓഫ് ഫിനാൻസിന് വിധേയമായി പലിശരഹിത വായ്പ അനുവദിക്കുന്നുണ്ട്. ദീർഘകാല വായ്പയ്ക്ക് ഇപ്പോൾ പലിശ സബ്സിഡി നൽകുന്നില്ല.

സെക്ഷൻ ഓഫീസർ